**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1565** **07-02-2023 - ൽ മറുപടിയ്ക്ക്**

**കയ്യേറ്റങ്ങൾ തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തോട്ടഭൂമിയിൽ ഉൾപ്പെടെയുള്ള കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | തോട്ടഭൂമി ഉൾപ്പെടെയുള്ള സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ലെയും 1958ലെ അനുബന്ധ ചട്ടങ്ങളിലേയും 2009ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലേയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിനായി 10.09.2018ലെ സ.ഉ(സാധാ.)3778/2018/റവ. ഉത്തരവ് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ജോയിന്റ് കമ്മീഷണറും അസിസ്റ്റന്റ് കമ്മീഷണറും മറ്റ് ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല-താലൂക്ക്തല മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുള്ളതും ഈ സെല്ലുകൾ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സർവ്വേ വകുപ്പിന്റെ സഹായത്തോടെ സ്ഥല പരിശോധന നടത്തി കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. 08.11.2008നു ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009ലെ കേരള ഭൂ സംരക്ഷണ (ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കയ്യേറ്റ കേസുകളിൽ ഉണ്ടാകുന്ന അപ്പീൽ/ റിവിഷൻ കേസുകളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടറുടെ അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ജലസേചന-പൊതുമരാമത്ത്-വനം വകുപ്പു കളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് ടി വകുപ്പുകളുടെ ഭൂമിയിലുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള അധികാരം ലഭ്യമാക്കിയിട്ടുണ്ട്. കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി |

| | | | |
|---|---|---|---|
| | | | വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂവകുപ്പ് കൈമാറിവരുന്നു. കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തിരം ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറി വരുന്നു. |
| (ബി) | ഈ സർക്കാർ കാലയളവിൽ നാളിതുവരെ എത്ര ഹെക്ടർ ഭൂമി ഇത്തരത്തിൽ സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | അനുബന്ധം (1), (2) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം-1</u>**

| ജില്ല | കേരള ഭൂസംരക്ഷണ നിയമപ്രകാരം ഈ സർക്കാർ കാലയളവിൽ ഒഴിപ്പിച്ച ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ¶ |
|---|---|
| തിരുവനന്തപുരം | 2.14.31 |
| കൊല്ലം | 0.8646 |
| പത്തനംതിട്ട | 0.5773 |
| ആലപ്പുഴ | 00.00.81 |
| കോട്ടയം | NIL |
| ഇടുക്കി | 32.53.24 |
| എറണാകുളം | 00.51.12 |
| തൃശൂർ | 13.688 |
| പാലക്കാട് | 0.6296 |
| മലപ്പുറം | 2.3384 |
| കോഴിക്കോട് | 1.84661 |
| വയനാട് | 0.1853 |
| കണ്ണൂർ | NIL |
| കാസർഗോഡ് | 8.772 |
| **ആകെ** | **64.09661** |

**<u>അനുബന്ധം-2</u>**

| ജില്ല | കേരള ഭൂ പരിഷ്കരണ നിയമപ്രകാരം ഈ സർക്കാർ കാലയളവിൽ ഒഴിപ്പിച്ച ഒഴിവുകിട്ടിയ തോട്ട ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ¶ |
|---|---|
| വയനാട് | 0.5593 |
| തൃശൂർ | 5.1258 |
| പാലക്കാട് | 0.4392 |
| **ആകെ** | **6.1243** |